കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

78(2116) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ?

ഉത്തരം

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത ബോർഡ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് ജില്ലാടിസ്ഥാനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 1266 അപേക്ഷകളിൽ 6,54,64,963 രൂപ (ആറ് കോടി അൻപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന് രൂപ മാത്രം) റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

നന്മ സ്റ്റോറുകൾ

79(2117) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിനു കീഴിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്നും അവയിൽ എത്ര എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നന്മ സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വില നിലവാരം വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിന് കീഴിൽ 892 നന്മ സ്റ്റോറുകളാണ് ആരംഭിച്ചത്. അവയിൽ ഇപ്പോൾ 771 എണ്ണം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നന്മ സ്റ്റോറുകൾ മുഖാന്തരം സർക്കാർ സബ്സിഡിയോടെ ഉത്സവ കാലഘട്ടങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ നൽകിവരുന്നുണ്ട്. അതാത് ഉത്സവകാലങ്ങളിൽ സപ്ലൈകോയുടെ സബ്സിഡി വിപണന മേളകളിൽ വിപണനം നടത്തുന്ന അതേ നിരക്കിലാണ് നന്മ സ്റ്റോറുകൾ വഴിയുള്ള വിപണികളും വില്പന നടത്തുന്നത്. ഉത്സവകാലങ്ങളിൽ ഒഴികെ മറ്റുള്ള കാലയളവുകളിൽ പൊതുവിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് നന്മ സ്റ്റോറുകളിലൂടെ സാധനങ്ങൾ വിപണനം നടത്തിവരുന്നത്.

GPM. 2/243/2020-22

LIBRARY ARCHIVES Kerala Legislative Assembly